**പതിനഞ്ചാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 13 — 05.12.2022 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ<br>ശ്രീ. കെ. ബാബു (നെന്മാറ)<br>ഡോ സുജിത് വിജയൻ പിള്ള<br>ശ്രീ. എ. പ്രഭാകരൻ | | വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പണമില്ലാത്തതിനാൽ സംസ്ഥാനത്ത് ഒരാൾക്കും ചികിത്സ കിട്ടാതെ വരില്ലെന്നുറപ്പാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | പണമില്ലാത്തതിനാൽ സംസ്ഥാനത്ത് ഒരാൾക്കും ചികിത്സ കിട്ടാതെ വരില്ലെന്ന് ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**1.ആർദ്രം പദ്ധതി**<br><br>കേരള സർക്കാരിന്റെ ആർദ്രം മിഷനിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത് ജനസൗഹൃദ ആശുപത്രികൾ സൃഷ്ടിക്കുകയും സേവനങ്ങൾ മെച്ചപ്പെടുത്തുകയും വഴി ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും ചികിത്സ ചെലവ് കുറക്കുകയും ചെയ്യുക എന്നതാണ്. ആരോഗ്യകേന്ദ്രങ്ങളിൽ പൊതു ജനങ്ങൾക്കായി OP സേവനം, സാന്ത്വന പരിചരണം, ശ്വാസ്, ആശ്വാസ് മുതലായ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും, ആരോഗ്യ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവയ്പുകൾ, ഫാർമസി, ലാബോറട്ടറി സേവനങ്ങൾ എന്നിവയും പൊതുജനങ്ങൾക്ക് ലഭ്യമാണ്. കൂടാതെ ഡോക്ടർമാരെ കാണുന്നതിനു മുൻപ് നഴ്സുമാർ വഴി പ്രീ ചെക്കപ്പ് സേവനവും നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിലെ OP വിഭാഗം രോഗീസൗഹൃദ സേവനം നൽകിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി കൂടുതൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനങ്ങൾ കൂടുതൽ സമയം ജനങ്ങൾക്ക് ലഭ്യമാണ്. കൂടാതെ നിലവിൽ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ക്യാൻസർ പരിശോധന ആരംഭിച്ചിട്ടുണ്ട്. ലാബോറട്ടറി സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാണ്.<br><br>കൂടാതെ, അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ |

കണ്ടെത്തി അവർക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങളും സൗജന്യ ചികിത്സയും നൽകുന്നതിന് 11.09.2022 ലെ സ.ഉ(സാധാ) നം. 2205/2022/ആ.കു.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

2. **<u>കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി (KASP)</u>**

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം പാവപ്പെട്ട ദുർബല കുടുംബങ്ങൾക്ക് (ഏകദേശം 42 ലക്ഷം കുടുംബങ്ങൾ) ഒരു കുടുംബത്തിന് 5 ലക്ഷം രൂപ വച്ച് ദ്വിതീയ, ത്രിതീയ തല ആശുപത്രികളിലെ ചികിത്സ സഹായം നൽകി വരുന്നുണ്ട്. 746 ആശുപത്രികൾ KASP ൽ എംപാനൽ ചെയ്തിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി SHA രൂപീകരിച്ചിട്ടുണ്ട്.

3. **<u>RBSK(രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം )</u>**

RBSK(രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം) മുഖേന 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ചികിത്സയും ആവശ്യമായ ശസ്ത്രക്രിയയും സൗജന്യമായി നൽകി വരുന്നു.

4. **<u>ആരോഗ്യകിരണം പദ്ധതി</u>**

ആരോഗ്യ കിരണം പദ്ധതി മുഖേന 18 വയസ്സിനു താഴെയുള്ളവർക്ക് ആർ.ബി.എസ്.കെയിൽ ഉൾപ്പെട്ട 30 അസുഖങ്ങൾ ഒഴികെയുള്ളവയ്ക്കുള്ള ചികിത്സ സൗജന്യമായി നടത്തുന്നു.

5. **<u>ഹൃദ്യം പദ്ധതി</u>**

ഹൃദയ സംബന്ധമായ അസുഖമുള്ള 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ ലഭ്യമാക്കുന്നതിന് വേണ്ടി പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഹൃദ്യം പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ മുഖാന്തിരം രജിസ്റ്റർ ചെയ്ത് സൗജന്യ ചികിത്സ സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സൗജന്യ ചികിത്സ നൽകുവാൻ സർക്കാർ/ പ്രൈവറ്റ് സ്ഥാപനങ്ങളെ empanel ചെയ്തിട്ടുണ്ട്.

6 **<u>(JSSK)</u>**

| | | | |
|---|---|---|---|
| | | | ഗർഭിണികൾക്കും, 1 വയസ്സ് വരെയുള്ള ശിശുക്കൾക്കും എല്ലാ ചികിത്സകളും, പരിശോധനകളും സൗജന്യമായി അമ്മയും കുഞ്ഞും (JSSK) പദ്ധതി വഴി ലഭ്യമാക്കുന്നു<br>**<u>7.മാതൃയാനം പദ്ധതി</u>**<br>പ്രസവത്തിനും, പ്രസവാനന്തരം വീട്ടിലേക്ക് തിരിച്ചു പോകുന്നതിനും യാത്രാചിലവ് ഒഴിവാക്കുന്നതിനായി മാതൃയാനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>**<u>8. ആശാധാര പദ്ധതി</u>**<br>ഹീമോഫിലിയ, സിക്കിൾ സെൽ അനീമിയ,തലസീമിയ തുടങ്ങിയ രോഗങ്ങൾക്ക് സമഗ്രമായ ചികിത്സയും ആവശ്യമുള്ള പ്രത്യേക മരുന്നുകളും 'ആശാധാര' പദ്ധതി മുഖേന സൗജന്യമായി ലഭ്യമാക്കുന്നു.<br>9.**<u>കാൻസർ/ ക്ഷയരോഗം/കുഷ്ഠരോഗം ഉള്ളവർക്ക് ചികിത്സാ ധനസഹായം</u>**<br>Non Plan Fund മുഖേന നിർദ്ധനരായ കാൻസർ/ക്ഷയരോഗം/കുഷ്ഠരോഗം ഉള്ളവർക്ക് ചികിത്സാ ധനസഹായം, ആരോഗ്യവകുപ്പ് മുഖേന നൽകി വരുന്നു.<br>**<u>10. കാൻസർ സുരക്ഷ സ്കീം</u>**<br>18 വയസ്സിനു താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് കാൻസർ സുരക്ഷ സ്കീം വഴി ധനസഹായം ലഭിക്കുന്നു.<br>**<u>11. താലോലം പദ്ധതി</u>**<br>കേരള സാമൂഹ്യസുരക്ഷ മിഷന്റെ കീഴിലുള്ള താലോലം പദ്ധതി വഴി ഹൃദയ വൈകല്യങ്ങൾക്കും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സിന് താഴെയുള്ള നിർദ്ധരായ കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നു.<br>**<u>12. മിഠായി പദ്ധതി</u>**<br>18 വയസ്സിനു താഴെയുള്ള ടൈപ്പ് 1 ഡയബറ്റിക് ബാധിച്ച കുട്ടികൾക്ക് മിഠായി പദ്ധതി വഴി സൗജന്യ ചികിത്സാനുകൂല്യം ലഭിക്കുന്നു.<br>13. **<u>13.പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി (ട്രൈബൽ സ്കീം)</u>**<br>പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സമ്പൂർണ്ണമായ സൗജന്യ |

| | | | |
|---|---|---|---|
| | | | ചികിത്സ നൽകുന്ന പദ്ധതിയാണ്<br><br>**<u>14. സുകൃതം പദ്ധതി</u>**<br><br>BPL വിഭാഗത്തിൽപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ ലഭ്യമല്ലാത്ത കാൻസർ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് സുകൃതം<br><br>**<u>15. കാരുണ്യ ബനവലന്റ് ഫണ്ട്</u>**<br><br>3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് APL/BPL വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകി വരുന്ന ചികിത്സാനുകൂല്യം.വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ അധിക ചികിത്സാനുകൂല്യം നൽകുന്നതാണ്.<br><br><u>16</u>. തിമിര ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിലും അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിലും, സൗജന്യമായി എല്ലാ വിഭാഗ ജനങ്ങൾക്കും ലഭ്യമാണ്.<br><br>ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ധരുടെ നിർദ്ദേശാനുസരണം മരുന്ന പട്ടികയിൽ ഭേദഗതി വരുത്തുകയും അതനുസരിച്ചുള്ള ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും ദർഘാസ് നടപടിക്രമങ്ങളിലൂടെ കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം സംഭരിച്ചു നൽകി വരുന്നു. ആവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട 402 ഇനം ജനറിക് മരുന്നുകളും, 155 ഇനം അനുബന്ധ സാമഗ്രികളും, സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട 184 ഇനം മരുന്നുകളും ഉൾപ്പെടെ 741 ഇനങ്ങളാണ് 2022-23 സാമ്പത്തിക വർഷം ലഭ്യമാക്കുന്നത്. പേവിഷ പ്രതിരോധ ചികിത്സയ്ക്കാവശ്യമായ വാക്സിനുകൾ, പാമ്പുവിഷ പ്രതിരോധ മരുന്ന്, ജീവിതശൈലീരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, മാനസികാരോഗ്യ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ ഉടങ്ങിയവ ഉൾപ്പെടെയുള്ളവയാണ് ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള കേന്ദ്രസർക്കാരിന്റെ അവാർഡ് കേരളത്തിന് ലഭിച്ചിട്ടുണ്ടോ; | (ബി) | പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള ദേശീയ പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി) | ആർദ്രം പദ്ധതിയിൽ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ സേവനം മികവുറ്റതാക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുകയും എന്നതാണ് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർ ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും സജ്ജമാക്കി വരുന്നു.<br>ആർദ്രം പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>മെഡിക്കൽ കോളേജുകളുടെ ഒ.പി പരിവർത്തനം</u><br>ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളുടെ (തിരുവനന്തപുരം, കൊല്ലം , ആലപ്പുഴ,കോട്ടയം, എറണാകുളം, തൃശ്ശൂർ,മഞ്ചേരി, കോഴിക്കോട്) ഒപി പരിവർത്തന പ്രവൃത്തികൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | <u>ജില്ലാ/ ജനറൽ ആശുപത്രികളിലെ ഒ പി പരിവർത്തനം</u><br>ജനറൽ ഹോസ്പിറ്റലുകളായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കൽപ്പറ്റ, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലാ ആശുപത്രികളായ കൊല്ലം, പാലക്കാട്, തിരൂർ, മാനന്തവാടി, തലശ്ശേരി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ പി പരിവർത്തനം പൂർത്തിയായി.<br><br><u>താലൂക്ക് ആശുപത്രിയുടെ ഒ.പി പരിവർത്തനം</u><br><br>വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br><u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി</u><br>ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി 1000 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കൂടാതെ രണ്ട് ഘട്ടങ്ങളിലായി 152 ബ്ലോക്ക്തല സി.എച്ച്.സികളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കി വരുകയാണ്. |

Hari

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | സ്ഥാപനങ്ങളുടെ പേര് | സ്ഥിതി |
|---|---|---|
| 1. | താലൂക്ക് ആശുപത്രി റാന്നി | നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| 2. | താലൂക്ക് ആശുപത്രി ചേർത്തല | സ്ഥാപനം കിഫ്ബി മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടതിനാൽ ഡബ്ല്യൂ ആൻഡ് സി ആലപ്പുഴയിലേക്ക് ഫണ്ട് മാറ്റി വിനിയോഗിക്കാനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിച്ചു വരുന്നു. |
| 3. | താലൂക്ക് ആശുപത്രി പാമ്പാടി | പ്രവർത്തനങ്ങൾ പൂർത്തിയായി |
| 4. | താലൂക്ക് ആശുപത്രി കോതമംഗലം | പ്രവർത്തനങ്ങൾ പൂർത്തിയായി |
| 5. | താലൂക്ക് ആശുപത്രി ചാവക്കാട് | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| 6. | താലൂക്ക് ആശുപത്രി പൊന്നാനി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 7. | താലൂക്ക് ആശുപത്രി ഫറൂഖ് | സ്ഥാപനം കിഫ്ബി മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതിനാൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| 8. | താലൂക്ക് ആശുപത്രി സുൽത്താൻ ബത്തേരി | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി |
| 9. | താലൂക്ക് ആശുപത്രി ആറ്റിങ്ങൾ | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| 10. | താലൂക്ക് ആശുപത്രി വിതുര | ജില്ലാ പഞ്ചായത്ത് മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| 11. | താലൂക്ക് ആശുപത്രി നെടുങ്ങോലം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 12. | താലൂക്ക് ആശുപത്രി ശാസ്താംകോട്ട | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 13. | താലൂക്ക് ആശുപത്രി കടക്കൽ | സ്ഥലപരിമിതിമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. |
| 14. | ജില്ലാ ആശുപത്രി അടൂർ | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 15. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കോന്നി | ടെണ്ടർ അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും |
| 16. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| | | |
|---|---|---|
| | ഹരിപ്പാട് | |
| 17. | ജില്ലാ ആശുപത്രി കാഞ്ഞിരപ്പള്ളി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 18. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചങ്ങനാശ്ശേരി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 19. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പീരുമേട്. | മാസ്റ്റർ പ്ലാൻ ഉൾപ്പെട്ടതിനാൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| 20. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി അടിമാലി | മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതിനാൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| 21 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കട്ടപ്പന | മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതിനാൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| 22 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കരുവേലിപ്പടി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 23. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പെരുമ്പാവൂർ | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 24. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കൊടുങ്ങല്ലൂർ | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 25. | ജില്ലാ ആശുപത്രി ഇരിങ്ങാലക്കുട | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 26. | താലൂക്ക് ആശുപത്രി ചേലക്കര | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 27. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വടക്കാഞ്ചേരി | ടെണ്ടർ അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും |
| 28. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ഒറ്റപ്പാലം | മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതിനാൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| 29. | താലൂക്ക് ആശുപത്രി പെരിന്തൽമണ്ണ | ടെണ്ടർ അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും |
| 30. | താലൂക്ക് ആശുപത്രി നാദാപുരം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 31 | താലൂക്കാശുപത്രി കുറ്റ്യാടി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 32 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വൈത്തിരി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 33. | താലൂക്ക് ആശുപത്രി ഇരിക്കൂർ | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 34. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി തളിപ്പറമ്പ | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി |
| 35. | താലൂക്ക് ആശുപത്രി നിലേശ്വർ | മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതിനാൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| 36. | ജില്ലാ ആശുപത്രി പേരൂർക്കട | ഡി.പി.ആർ തയ്യാറാക്കി വരുന്നു. |

| | | |
|---|---|---|
| | | |
| 37. | ഡബ്ല്യൂ ആൻഡ് സി തൈക്കാട് | ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 38. | താലൂക്ക് ആശുപത്രി കാഞ്ഞിരപ്പള്ളി | ഭരണാനുമതി ലഭ്യമാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ് |
| 39. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പാമ്പാടി | ഭരണാനുമതി ലഭ്യമാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ് |
| 40. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പെരുമ്പാവൂർ | ഭരണാനുമതി ലഭ്യമാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ് |
| 41. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി മലപ്പുറം | ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 42. | താലൂക്ക് ആശുപത്രി വണ്ടൂർ | ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 43. | താലൂക്ക് ആശുപത്രി പഴയങ്ങാടി | ഡി.പി.ആർ തയ്യാറാക്കി വരുന്നു. |

Hari

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

ആരോഗ്യ മേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടന്ന് വരികയാണ്. ഇതിന്റെ ഭാഗമായി PHC കളെ FHC ആയി ഉയർത്തുമ്പോൾ മെച്ചപ്പെട്ട ജന സൗഹൃദസേവനം നൽകുകയും അധിക തസ്തികകളഅ അനുവദിക്കുകയും ചെയ്യുന്നു.

ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് മെച്ചപ്പെട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തി വരുന്നത്. രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം, പ്രാഥമിക തലത്തിൽ തന്നെ ലഭ്യമാക്കുക എന്നതാണ് പ്രധാനമായും നടപ്പാക്കി വരുന്നത്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ ഫണ്ടിനൊപ്പം NHM, AMF ഫണ്ട്, പഞ്ചായത്ത് ഫണ്ട്, KIIFB, NABARD, PLAN FUND കൂടാതെ MLA / MP മാരുടെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്തപ്പെടുന്നു. ആർദ്രം ഒന്നാം ഘട്ടത്തിൽ 170 PHC കളെയും ആർദ്രം രണ്ടാം ഘട്ടത്തിൽ 504 PHC കളെയും ആർദ്രം മൂന്നാം ഘട്ടത്തിൽ 212 PHC കളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഉത്തരവായിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ഘട്ടം ഘട്ടമായി നടപ്പായി വരുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി കൂടുതൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനങ്ങൾ കൂടുതൽ സമയം രോഗികൾക്ക് ലഭിക്കുന്നു. പ്രവർത്തന സമയം വൈകുന്നേരം വരെ ദീർഘിപ്പിച്ചു. FHC കളിൽ ആസ്ത്മ / ശ്വാസംമുട്ട് രോഗികൾക്ക് വേണ്ടി ശ്വാസ് , സമ്പൂർണ്ണ മാനസികാരോഗ്യം ആശ്വാസ് ക്ലിനിക്ക്, ജീവിത ശൈലീ രോഗ സേവനങ്ങൾ, ഫാർമസി സേവനം, ലാബോറട്ടറി സേവനം എന്നിവയും ലഭ്യമാണ്. സർക്കാർ ആശുപത്രികളിലെ OP വിഭാഗം ജന സൗഹൃദമാക്കുക വഴി രോഗികൾക്കും കൂടെ വരുന്നവർക്കും ആശുപത്രി സന്ദർശനം സൗകര്യപ്രദമാകുന്നു. ഇവിടങ്ങളിൽ ശാസ്ത്രീയമായ ചികിത്സ ചിട്ടയായ രീതിയിൽ ലഭ്യമാകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിദാരിദ്ര്യം അനുഭവിക്കുന്നതായി കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ വഴി ഒരു മെഡിക്കൽ ടീം സന്ദർശനം നടത്തി ആരോഗ്യ വിവരങ്ങൾ പരിശോധിച്ച് ആരോഗ്യ ഡാറ്റ ശേഖരിക്കുന്നതാണ്. ആശാ പ്രവർത്തകരുടെ സേവനവും ഇതിനായി ഉപയോഗിക്കുന്നതാണ് . ഇതിൽ ഗുരുതരമായ രോഗങ്ങൾ ഉള്ളവർ, പകർച്ച വ്യാധികൾ , പകർച്ചേതര വ്യാധികൾ , പാരമ്പര്യ രോഗങ്ങൾ, ജീവിതശൈലീ രോഗങ്ങൾ എന്നിങ്ങനെ തരംതിരിച്ച് രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കുകയും ആവശ്യമായ ആരോഗ്യ

സേവനങ്ങൾ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, ഹൃദ്യം , ആരോഗ്യ കിരണം തുടങ്ങിയ സർക്കാരിന്റെ തന്നെ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിദാരിദ്ര്യം അനുഭവിക്കുന്നതായി കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളിലെ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനും കൂടാതെ ലബോറട്ടറി സേവനങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ സേവനങ്ങളും സൗജന്യമായി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളിലെ ദീർഘകാലമായുള്ള കിടപ്പുരോഗികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വാതിൽപ്പടി സേവനം പദ്ധതിയും പാലിയേറ്റീവ് കെയർ യൂണിറ്റും ചേർന്ന് മരുന്നുകളും ആരോഗ്യ സേവനങ്ങളും വീട്ടുകളിൽ തന്നെ എത്തിച്ചുനൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്

കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം പാവപ്പെട്ട ദുർബല കുടുംബങ്ങൾക്ക് (ഏകദേശം 64 ലക്ഷം ഗുണഭോക്താക്കൾ) ഒരു കുടുംബത്തിന് 5 ലക്ഷം രൂപ വച്ച് ദ്വിതീയ, ത്രിതീയ തല ആശുപത്രികളിലെ ചികിത്സ ചെലവുകൾക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി SHA രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ കിരണം പദ്ധതി മുഖേന 18 വയസ്സിനു താഴെ ഉള്ളവർക്ക് സർക്കാർ ആശുപത്രികളിൽ എല്ലാ ചികിത്സകളും സൗജന്യമായി നൽകി വരുന്നു. RBSK(രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം ) മുഖേന 18 വയസ്സിനു താഴെ ഉള്ളവരിൽ നിശ്ചിത 30 രോഗങ്ങൾക്ക് പൂർണ്ണമായി സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി ജന്മനായുള്ള ഹൃദ്രോഗത്തിനായി ശസ്ത്രക്രിയ ഉൾപ്പടെ വിദഗ്ധ ചികിത്സ ലഭ്യമാക്കുവാൻ 'ഹൃദ്യം' പദ്ധതി ആവിഷ്കരിക്കുകയും , സൗജന്യ ചികിത്സ നൽകുവാൻ സർക്കാർ/ പ്രൈവറ്റ് സ്ഥാപനങ്ങളെ empanel ചെയ്തിട്ടുണ്ട്. ഗർഭിണികൾക്കും, 1 വയസ്സ് വരെയുള്ള ശിശുക്കൾക്കും എല്ലാ ചികിത്സകളും , പരിശോധനകളും സൗജന്യമായി അമ്മയും കുഞ്ഞും (JSSK) പദ്ധതി വഴി ലഭ്യമാക്കുന്നു. പ്രസവത്തിനും, പ്രസവാനന്തരം വീട്ടിലേക്ക് തിരിച്ചു പോകുന്നതിനും യാത്രാചിലവ് ഒഴിവാക്കുന്നതിനായി മാതൃയാനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹീമോഫിലിയ രോഗങ്ങൾക്ക് ആവശ്യമുള്ള പ്രത്യേക മരുന്നുകൾ 'ആശാധാര' പദ്ധതി മുഖേന സൗജന്യമായി ലഭ്യമാക്കുന്നു. Non Plan Fund മുഖേന നിർദ്ധനരായ കാൻസർ/ ക്ഷയരോഗം/കുഷ്ഠരോഗം ഉള്ളവർക്ക് ചികിത്സാ ധനസഹായം, ആരോഗ്യവകുപ്പ് മുഖേന നൽകി വരുന്നു. 18 വയസ്സിനു താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് കാൻസർ സുരക്ഷ സ്കീം വഴി ധനസഹായം ലഭിക്കുന്നു. കേരള സാമൂഹ്യസുരക്ഷ മിഷന്റെ കീഴിലുള്ള താലോലം പദ്ധതി വഴി ഏദയ വൈകല്യങ്ങൾക്കും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നു. 18 വയസ്സിനു താഴെയുള്ള ടൈപ്പ് 1 ഡയബറ്റിക് ബാധിച്ച 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് മിഠായി പദ്ധതി വഴി സൗജന്യ ചികിത്സാനുകൂല്യം ലഭിക്കുന്നു. തിമിര

ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിലും അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിലും, സൗജന്യമായി എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാണ്. കൂടാതെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സമ്പൂർണ്ണമായ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി (ട്രൈബൽ സ്കീം) ടി പദ്ധതി വഴി അഡ്മിറ്റാകുന്ന രോഗികൾക്ക് അഡ്മിറ്റാകുന്ന ദിവസം മുതൽ ഡിസ്ചാർജ് ആകുന്ന സമയം വരെ സൗജന്യ ഭക്ഷണവും ഡിസ്ചാർജ്ജ് ആകുമ്പോൾ രോഗിയെ സൗജന്യമായി വീട്ടിൽ എത്തിക്കുകയും കൂടാതെ രോഗികളൾക്ക് കൂട്ടിരിക്കുന്ന ഒരാൾക്ക് ദിവസം200/- രൂപ നിരക്കിൽ കൂട്ടിരിപ്പ് അലവൻസ് അനുവദിച്ച് നൽകുകയും ചെയ്യുന്നു. BPL വിഭാഗത്തിൽപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ ലഭ്യമല്ലാത്ത കാൻസർ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് സുകൃതം. സർജറിയ്ക്കായി അഡ്മിറ്റാകുന്ന ചികിത്സാ കാർഡില്ലാത്ത രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ട് വഴി ആനുകൂല്യം ലഭിക്കുന്നു. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ധരുടെ നിർദ്ദേശാനുസരണം മരുന്നു പട്ടികയിൽ ഭേദഗതി വരുത്തുകയും അതനുസരിച്ചുള്ള ജനറിക് മരുന്നുകളും അനുബന്ധസാമഗ്രികളും ദർഘാസ് നടപടിക്രമങ്ങളിലൂടെ സംഭരിച്ചു നൽകിയിട്ടുണ്ട്.